## ഒന്നാം ദിവസം (22. 05. 2017)

9.00 AM : രജിസ്ട്രേഷൻ

10.00 AM : ഉദ്ഘാടനം

**ഡോ. കെ. മുഹമ്മദ് ബഷീർ**

(ബഹു. വൈസ്ചാൻസലർ, കാലിക്കറ്റ് സർവ്വകലാശാല)

മുഖ്യാതിഥി

**ഡോ. എ. കെ. നമ്പ്യാർ**

(സെക്രട്ടറി, കേരള ഫോക്‌ലോർ അക്കാദമി, കണ്ണൂർ)

**ഗ്രൂപ്പ്തിരിക്കൽ**

10.30 AM : **കൊട്ടും പാട്ടും : കെ. .യു. ഹരിദാസ്**
ഫോക്‌ലോർ വിഭാഗം

12.00 : **ചിത്രപാരമ്പര്യം: കന്നി. എം.**
ഫോക്‌ലോർ വിഭാഗം

2.00 : കുരുത്തോലക്കളരി
**ഹരിദാസൻ. കെ.**
പാരമ്പര്യ കലാകാരൻ

5.00 PM—07.00PM : **കലാസന്ധ്യ**
കേരള ഫോക്‌ലോർ അക്കാദമിയുടെ പുരസ്കരണത്തോടെ കെ. കുമാരനും സംഘവും, മാട്ടൂൽ അവതരിപ്പിക്കുന്ന **തുടിവാദ്യം, മാരിയാട്ടം, ചിമ്മാനക്കളി**

## രണ്ടാംദിവസം (23. 05. 2017)

**ഗ്രൂപ്പ്തിരിക്കൽ**

9.00 : പാളക്കളരി: മൂർഖനാട് പീതാംബരനാശാൻ
പാരമ്പര്യ കലാകാരൻ

2.00 : കടംകഥ കേളിയും പൊരുളും
കെ. എം. അനിൽ, ഫോക്‌ലോർ വിഭാഗം

4.00 : കുട്ടികളുടെകലാപരിപാടിഒരുക്കം

5.00 —7.00 : **കലാസന്ധ്യ**
കേരള ഫോക്‌ലോർ അക്കാദമിയുടെ പുരസ്കരണത്തോടെ അനൂപും സംഘവും, ദ്രാവിഡകലാസമിതി, കാലിച്ചാനടുക്കം, കാസർഗോഡ് അവതരിപ്പിക്കുന്ന
**മുളംചെണ്ട, എരുതുകളി, മംഗലംകളി**

## മൂന്നാംദിവസം (24. 05. 2017)

**ഗ്രൂപ്പ്തിരിക്കൽ**

9.00 : നാടൻകളികൾ
ഹസൻ കരിപ്പുറത്ത്
(ഡയറ്റ്, തിരൂർ)

11.00 : നാടൻ പാചകമേള

2.00 : സെമിനാർ - ക്യാമ്പ് അംഗങ്ങൾ

3.00 : ക്യാമ്പ് അനുഭവം

4.00 : ഫോക്‌ലോർ ക്ലബ്ബ് രൂപീകരണം

4.30 : സമാപനം - സർട്ടിഫിക്കറ്റ്വിതരണം

**കേരളസർക്കാർ സാംസ്കാരികവകുപ്പ്**

**കേരള ഫോക്‌ലോർ അക്കാദമി**
**ചിറക്കൽ, കണ്ണൂർ**

**കാലിക്കറ്റ് സർവ്വകലാശാല**
**സ്കൂൾ ഓഫ് ഫോക്‌ലോർ സ്റ്റഡീസ്**

സംയുക്തമായി സംഘടിപ്പിക്കുന്ന

# ത്രിദിന ഫോക്‌ലോർ സഹവാസ ക്യാമ്പ്

## 2017 മെയ് 22, 23, 24

കാലിക്കറ്റ് സർവ്വകലാശാല
സ്കൂൾ ഓഫ് ഫോക്‌ലോർ സ്റ്റഡീസ്

## ത്രിദിന ഫോക്‌ലോർ സഹവാസ ക്യാമ്പ്

സാമൂഹ്യജീവിതത്തിന്റെ ഭാഗമായി മനുഷ്യർ ഒത്തിരി അറിവുകൾ ഉത്പാദിപ്പിക്കുകയും, ജീവിത പ്രതിസന്ധികളെ മറികടക്കുകയും ചെയ്യുന്നതിലൂടെ മാനവ സംസ്കൃതി രൂപപ്പെടുന്നു. വളരെ സവിശേഷമായ ഈ സംസ്കൃതി കാലത്തിന്റെ കുതിപ്പിൽ പുതുതലമുറയ്ക്ക് അന്യംവന്നു പോകുന്നു. തന്മൂലം തനത് സംസ്കാരം നഷ്ടപ്പെട്ടു പോകുന്നു. ഈ സാഹചര്യത്തിൽ നമ്മുടെ സംസ്കൃതിയുടെ ഈടുവയ്പ്പുകളെ അന്വേഷിക്കുവാനും, അടുത്തറിയുവാനും, തിരിച്ചറിയുവാനും കരുതിവയ്ക്കാനും കൈമാറാനും കഴിയുന്നതിലൂടെ ജീവിതത്തെ കരുപ്പിടിപ്പിക്കാനുമുള്ള അനുഭവങ്ങൾ ലഭിയ്ക്കേണ്ടത് പുതുതലമുറയുടെ ആവശ്യവും അവകാശവുമാണ്. അത് സാധ്യമാക്കുന്നതിനുള്ള അവസരമൊരുക്കലാണ്, കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് ഫോക്‌ലോർസ്റ്റഡീസിന്റെ നേതൃത്വത്തിൽ കേരളത്തിലെ വിദ്യാലയങ്ങളിൽ രൂപീകരിക്കാനുദ്ദേശിക്കുന്ന ഫോക്‌ലോർ ക്ലബ്ബുകളുടെ ലക്ഷ്യവും ധർമ്മവും. ഇതിനുവേണ്ടി ഫോക്‌ലോർ ക്ലബ്ബുകളുടെ പ്രവർത്തന പരിപാടികൾക്ക് ഒരു ദിശാബോധമുണ്ടാക്കുകയാണ് ഈ ത്രിദിന ഫോക്‌ലോർ സഹവാസ ക്യാമ്പിന്റെ ലക്ഷ്യം. തെരഞ്ഞെടുത്ത ഹൈസ്കൂളുകളിലെ വിദ്യാർത്ഥികളാണ് ക്യാമ്പിൽ പങ്കെടുക്കുന്നത്.

വകുപ്പദ്ധ്യക്ഷൻ
സ്കൂൾ ഓഫ് ഫോക്‌ലോർ സ്റ്റഡീസ്

### ഉദ്ദേശ്യങ്ങൾ

- സാംസ്കാരിക പാരമ്പര്യം നിറഞ്ഞുനിൽക്കുന്ന നാടൻ പാട്ടുകൾ ശേഖരിക്കുന്നതിനും സവിശേഷതകൾ മനസ്സിലാക്കുന്നതിനും വേർതിരിക്കുന്നതിനും.
- നാടൻ കൈവേലകളും കരവിരുതുകളും പരിചയപ്പെടുന്നതിനും പരിശീലിക്കുന്നതിനും പ്രയോഗിക്കുന്നതിനും.
- കടങ്കഥകൾ ശേഖരിക്കുന്നതിനും പൊരുൾ അന്വേഷിക്കുന്നതിനും കടംകഥാകേളികളിൽ ഏർപ്പെടുന്നതിനും.
- പാരമ്പര്യ ചിത്രമെഴുത്ത് പരിചയപ്പെടുന്നതിനും പരിശീലിക്കുന്നതിനും.
- അന്യമായിക്കൊണ്ടിരിക്കുന്ന നാടൻകളികളിൽ ഏർപ്പെടുന്നതിനും പാരമ്പര്യ കായികവിനോദങ്ങൾ പരിശീലിക്കുന്നതിനും.
- നാടൻ പാചകരീതികൾ പരിചയപ്പെടുന്നതിനും പ്രയോഗിക്കുന്നതിനും.
- ഫോക്‌കലാരൂപങ്ങൾ കാണാനും അന്വേഷിക്കാനും ആസ്വദിക്കാനും സംഘടിപ്പിക്കാനും.
- ഫോക്‌ലോർ ക്ലബ്ബിന്റെ പ്രവർത്തന പരിപാടികളെക്കുറിച്ച് മനസ്സിലാക്കുന്നതിന്.

### ഫോക്‌ലോർ സഹവാസ ക്യാമ്പ് – മേഖലകൾ

- നാടൻപാട്ട്
- നാടൻ കരവിരുത് - ഓലക്കളരി - പാളക്കളരി
- കടംകഥകൾ - ശേഖരണം, കടംകഥാകേളി
- നാട്ടുചിത്രകല (നിലത്തെഴുത്ത്, മുഖത്തെഴുത്ത്, മെയ്യെഴുത്ത്, ചുവരെഴുത്ത്)
- നാടൻ കളികൾ
- ഫോക്‌ലോർ ക്ലബ്ബ് രൂപീകരണം
- ഫോക്‌കലാപ്രകടനം